# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3445      19/10/2016 -ൽ മറുപടിക്ക്

# താൽക്കാലിക പമ്പ് ഓപ്പറേറ്റർമാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വിവിധ കുടിവെള്ള പദ്ധതികളിൽ താൽക്കാലിക പമ്പ് ഓപ്പറേറ്റർമാരായി ജോലി ചെയ്യുന്നവർക്ക് നൽകി വരുന്ന വേതനം എത്രയാണ്; | (എ) ആറ്റിങ്ങൽ ഡിവിഷൻ ഒഴികെയുള്ള മറ്റ് ഡിവിഷനുകളിൽ താൽക്കാലിക പമ്പ് ഓപ്പറേറ്റർമാർക്ക് കരാറുകാർ മുഖേന 8 മണിക്കൂർ ഷിഫ്റ്റ് ഡ്യൂട്ടിക്ക് 396/- രൂപ നിരക്കിൽ വേതനം നൽകിവരുന്നു. ആറ്റിങ്ങൽ ഡിവിഷനിൽ പമ്പ് ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള ജോലികൾ ടെണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്. ഇതിന് പമ്പ് ഓപ്പറേറ്റർമാർക്ക് 377/- രൂപ നിരക്കിൽ ദിവസവേതനം നൽകിവരുന്നു. |
| (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 മാസക്കാലത്തേക്ക് താൽക്കാലിക നിയമനം ലഭിക്കുന്നവർക്ക് എത്ര രൂപ യാണ് നൽകി വരുന്നത്; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സ്ഥിരം പോസ്റ്റുകളിലേക്ക് നിയമിക്കുന്ന ഓപ്പറേറ്റർ മാർക്ക് വാട്ടർ അതോറിറ്റി ഓപ്പറേറ്റർ തസ്തികയിലെ ശമ്പളസ്കെയിൽ ആയ 10470-26870 രൂപ നിരക്കിലും സ്ഥിരം പോസ്റ്റുകൾ അല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ദിവസവേതനാടിസ്ഥാ നത്തിൽ 6 മാസത്തേക്ക് നിയമിക്കുന്ന വർക്ക് 8 മണിക്കൂർ ഷിഫ്റ്റിന്റെ ഒരു ഡ്യൂട്ടിക്ക് 396/- രൂപ നിരക്കിലും വേതനം നൽകിവരുന്നു. |
| (സി) പമ്പ് ഹൗസുകളിലുള്ള പമ്പ് ഓപ്പറേറ്റിംഗ് ഉൾപ്പെടെയുള്ള ജോലികൾ ടെൻഡർ ചെയ്ത് നൽകിയിട്ടുണ്ടോ; ടെൻഡർ എടുക്കുന്നയാളുകൾ നിശ്ചയിച്ച് നൽകുന്ന തുകയ്ക്ക് ഓപ്പറേറ്റർമാർ ഉൾപ്പെടെ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) പമ്പ് ഹൗസുകളിൽ നിലവിലുള്ള ഒഴിവുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ കോൺട്രാക്ടർമാർ മുഖേന ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള ജോലികൾക്ക് ടെൻഡർ ചെയ്യാറുണ്ട്. ഇപ്രകാരം കോൺട്രാക്ടർമാർ വഴി നിയമിക്കപ്പെടുന്നവർക്ക് കരാർ പ്രകാരമുള്ള വേതന നിരക്കാണ് നൽകുന്നത്. ആയതിനാൽ കരാറുകാരൻ |

നൽകുന്ന തുകയ്ക്ക് ഓപ്പറേറ്റർമാർ ജോലി ചെയ്യേണ്ട സാഹചര്യമുണ്ട്.

(ഡി) തൊഴിലാളികൾക്ക് സർക്കാർ അംഗീകരിച്ച കൂലി ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) വാട്ടർ അതോറിറ്റിക്ക് നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച കൂലി ലഭ്യമാക്കുന്നതിന് പ്രയാസമുണ്ട്. എന്നിരുന്നാലും ഇത് സംബന്ധിച്ച കാര്യം കേരള വാട്ടർ അതോറിറ്റി വിശദമായി പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

JSK/